(ഡി) പാലത്തിന്റെ നിർമ്മാണം 31-3-2016-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) കല്ല്യാശ്ശേരി മണ്ഡലത്തിലെ വണ്ണാത്തിക്കടവ് പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരുന്നു. കാവിൽ മുനമ്പ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നു വരുന്നു. മൂലക്കിൽകടവ് പാലത്തിന്റെ പുതുക്കിയ ഡിസൈൻ തയ്യാറാക്കി വരുന്നു.

പടിപുരയ്ക്കൽ പടി - എടത്വാ റോഡ് നിർമ്മാണം

311(3198) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പടിപുരയ്ക്കൽ പടി - എടത്വാ റോഡ് നിർമ്മാണത്തിന്റെ അലൈൻമെന്റ് മാറ്റി എന്ന പരാതിയിന്മേൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കുമോ ;

(ബി) നിലവിലെ പി. ഡബ്യൂ.ഡി. റോഡിൽനിന്നും കനറ്റിത്രപാലം വഴി കടന്നുപോകുന്ന ജില്ലാ പഞ്ചായത്ത് റോഡിൽ കൂടി കണ്ടങ്കരിവഴി ചമ്പക്കുളം പടിപുരയ്ക്കൽ ക്ഷേത്രത്തിൽ എത്തുന്ന രീതിയിൽ മുൻ പ്ലാൻ അനുസരിച്ച് റോഡ് നിർമ്മിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പടിപുരയ്ക്കൽപടി-എടത്വാ റോഡ് നിർമ്മാണത്തിന്റെ അലൈൻമെന്റ് മാറ്റി എന്നുള്ള പരാതികൾ ഒന്നുംതന്നെ ലഭിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) എഗ്രിമെന്റ് നമ്പർ 3/എസ്.ഇ.എസ്.സി./15-16 തീയതി 9-4-2015 പ്രകാരം ശ്രീ. എ. സി. കോശി എന്നയാൾ ജോലി ഏറ്റെടുത്ത് പ്രവൃത്തി തുടങ്ങിയെങ്കിലും, സ്ഥലം ഉടമയുടെ പരാതിയിൻമേൽ ആലപ്പുഴ മുൻസിഫ് കോടതി ഇപ്പോൾ ജോലി നിർത്തി വയ്പ്പിച്ചിരിക്കുകയാണ്.

കത്താമ്പ്യള്ളി - മായന്നൂർ റോഡും പാലവും നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി

312(3199) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ കത്താമ്പ്യള്ളി - മായന്നൂർ റോഡും പാലവും നിർമ്മിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നബാർഡ് ധനസഹായത്തോടെയുള്ള പ്രസ്തുത പദ്ധതി നടപ്പിലാക്കാത്ത സാഹചര്യത്തിൽ ഇപ്പോൾ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് സഹിതം ഭരണാനുമതിക്കായി സമർപ്പിക്കപ്പെട്ടിട്ടുള്ള വിവരം അറിയുമോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നബാർഡ് ധനസഹായത്തോടെ പൂർത്തിയാക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ നബാർഡ് ധനസഹായത്തോടെ നടപ്പു സാമ്പത്തിക വർഷം തന്നെ ഫണ്ട് അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 28-2-2011-ലെ സ.ഉ.(സാധാ) നമ്പർ 372/2011/പൊ.മ.വ. ഉത്തരവ് പ്രകാരം അപ്രോച്ച് റോഡിനും സ്ഥലം ഏറ്റെടുക്കുന്നതിനുമായി 500 ലക്ഷം രൂപയുടെ ഭരണാനുമതിയും 7-7-2011-ലെ സ.ഉ.(സാധാ) നമ്പർ 900/2011/ പൊ.മ.വ. പ്രകാരം 747 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി-ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

കുട്ടംവാതുക്കൽ കടവ് പാലം

313(3200) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി, കായംകുളം, ഹരിപ്പാട് മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കുട്ടംവാതുക്കൽ കടവ് പാലത്തിന്റെ നിർമ്മാണത്തിന്റെ തൽസ്ഥിതി വിശദമാക്കാമോ?

ഉത്തരം

കുട്ടംവാതുക്കൽ കടവ് പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ആർ.ഐ.ഡി.എഫ്.- 20-ലുൾപ്പെടുത്തിയ പദ്ധതികൾ

314(3201) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ്.- 20 ലുൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന് എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത് ; പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly